## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2067

11-02-2020 - ൽ മറുപടിയ്ക്ക്

### ദുരന്തനിവാരണത്തിന് സന്നദ്ധ പ്രവർത്തകർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ഡി.സതീശൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) അഗ്നിശമന ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സേവനം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. സംസ്ഥാനത്ത് അഗ്നിരക്ഷാ വകുപ്പിനു കീഴിൽ സിവിൽ ഡിഫൻസ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഫോർട്ട് കൊച്ചി കേന്ദ്രമാക്കി ജലസുരക്ഷാ വിദഗ്ദ പരിശീലനകേന്ദ്രം ആരംഭിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. |
| ബി) ഇതിനായി ഓരോ ജില്ലയിലും സന്നദ്ധപ്രവർത്തകരെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെയാണ് ; | ബി) ഉണ്ട്. ഓരോ സ്റ്റേഷനിലും 50 വീതം വോളണ്ടിയർമാരെ ഉൾപ്പെടുത്തി 124 സ്റ്റേഷനുകളിലായി 6200 സിവിൽ ഡിഫൻസ് വോളണ്ടിയർമാരെ തെരഞ്ഞെടുത്ത് പരിശീലനം ആരംഭിച്ചിട്ടുണ്ട്. |
| സി) തെരഞ്ഞെടുക്കപ്പെട്ടവർക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | സി) ഉണ്ട്. സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്ക് സ്റ്റേഷൻതലം, ജില്ലാതലം, സംസ്ഥാനതലം എന്നിങ്ങനെ മൂന്നു തലങ്ങളിലായി പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ സ്റ്റേഷൻതല പരിശീലനം ആരംഭിച്ചു അടിസ്ഥാന ഫസ്റ്റ് എയ്ഡ് കോഴ്സ്, ഫ്ളഡ് റെസ്ക്യൂ ട്രെയിനിംഗ്, റിസ്ക് റസ്പോൺസ് ട്രെയിനിംഗ്, ട്രെയിനിംഗ് ഓൺ ഫയർ ഫൈറ്റിംഗ്, സർച്ച് ആന്റ് റെസ്ക്യൂ ട്രെയിനിംഗ്, ഡിസാസ്റ്റർ പ്രിവൻഷൻ ആന്റ് ഹെൽത്ത്കെയർ ട്രെയിനിംഗ് എന്നീ വിഷയങ്ങളിലാണ് പരിശീലനങ്ങൾ നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ